# റൂളിംഗ്

## 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനും പരിഗണനയ്ക്കെടുക്കുന്നതിനുമെതിരെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: ഇന്ന് സഭ മുമ്പാകെ വരുന്ന 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ പരിഗണിക്കുന്നതിൽ നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 76, 77, 237 എന്നിവയുടെ ലംഘനമുണ്ടാകുന്നുവെന്നും ബില്ലിന്മേൽ വിശദമായ ഒരു പൊതുചർച്ച നടത്തുന്നതിനുള്ള അവസരം അംഗങ്ങൾക്ക് നഷ്ടപ്പെടുന്നുവെന്നും ബിൽ അടിയന്തരമായി പാസ്സാക്കേണ്ട സാഹചര്യം നിലവിലില്ലെന്നും സബ്ജക്ട് കമ്മിറ്റികളുടെ പരിഗണന കൂടാതെ ബിൽ പാസ്സാക്കുന്നത് ജനാധിപത്യ അവകാശങ്ങളുടെ ലംഘനമാണെന്നുമാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഈ ബിൽ ഇന്നേദിവസം സഭയുടെ പരിഗണനയ്ക്ക് വരാനിടയായ സാഹചര്യങ്ങളും അതുസംബന്ധിച്ച നടപടി ചട്ടങ്ങളിലെ വ്യവസ്ഥകളും അതോടൊപ്പം നമ്മുടെ സഭയുടെ കീഴ്വഴക്കങ്ങളും ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി.

2021 മേയ് മാസം 31-ാം തീയതി സഭ ഐകകണ്ഠ്യേന അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ ഇന്ന് സഭയുടെ പരിഗണനയ്ക്കായി വന്നിട്ടുള്ളത്. സഭയുടെ നടപ്പുസമ്മേളനത്തിലെ നന്ദിപ്രമേയ ചർച്ചയുടെയും പുതുക്കിയ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ചയുടെയും ഇടയ്ക്ക് ഗവൺമെന്റ് കാര്യത്തിനായി ലഭിച്ച ഇന്നേദിവസത്തെ സമയം വളരെ ഫലപ്രദമാക്കാമെന്ന ആഗ്രഹത്തോടും അതോടൊപ്പം സഭയിലേയ്ക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട് വന്ന അംഗങ്ങൾക്ക് നിയമനിർമ്മാണ പ്രക്രിയയെ സംബന്ധിച്ച ഒരു പരിചയപ്പെടുത്തലിനുള്ള അവസരമായി മാറട്ടെ എന്ന സദുദ്ദേശ്യത്തോടുംകൂടിയാണ് താരതമ്യേന ഒരു ചെറിയ ബില്ലായ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭ പരിഗണിക്കണമെന്ന ശിപാർശ കാര്യോപദേശക സമിതി മുന്നോട്ടു വച്ചതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

പുതിയ സഭ നിലവിൽ വന്നതിനെത്തുടർന്ന് രൂപീകരിക്കേണ്ട സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വരാത്ത സാഹചര്യത്തിലാണ് കാര്യോപദേശക സമിതി

ഇത്തരത്തിൽ ഒരു ശിപാർശ നടത്തിയത് എന്നതും എല്ലാപേർക്കും അറിവുള്ളതാണ്. എന്നാൽ ചട്ടപ്രകാരം ബിൽ അന്തിമമായി പാസ്സാക്കുന്നതിനുമുമ്പായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെങ്കിൽപ്പോലും ഓർഡിനൻസിനുപകരമുള്ള ഒരു ബില്ലായതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഓർഡിനൻസ് നിരാകരണ പ്രമേയം നൽകി സംസാരിക്കുന്നതിനും മന്ത്രിയുടെ പ്രമേയത്തിന്മേൽ ഭേദഗതി നോട്ടീസ് നൽകികൊണ്ട് ബില്ലിന്റെ തത്വത്തെ സംബന്ധിച്ചുള്ള പൊതുചർച്ച നടത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്. അതോടൊപ്പം വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കായി ബില്ലിന്റെ വകുപ്പുകളിന്മേൽ ഭേദഗതി നോട്ടീസ് നൽകുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുകയും 550-ൽ അധികം ഭേദഗതി നോട്ടീസുകൾ ബില്ലിന്റെ വിവിധ വകുപ്പുകളിന്മേൽ ലഭ്യമാകുകയും അവ ലിസ്റ്റാക്കി സർക്കുലേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ സഭയുടെ കീഴ്വഴക്കം പരിശോധിച്ചാൽ 1980-ൽ സബ്ജക്ട് കമ്മിറ്റി നിലവിൽ വന്നതിനുശേഷം സബ്ജക്ട് കമ്മിറ്റികൾ നിലനിൽക്കുന്ന സന്ദർഭങ്ങളിൽപ്പോലും പലപ്പോഴും സുപ്രധാന നിയമനിർമ്മാണങ്ങൾ ചില

പ്രത്യേക കാരണങ്ങളാൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയോ പൊതുചർച്ചയോ കൂടാതെ പാസ്സാക്കിയിട്ടുള്ളതായി കാണാവുന്നതാണ്. 1987-ലെ കേരള മുനിസിപ്പാലിറ്റീസ് (അമെന്റ്മെന്റ്) ബിൽ, 1995-ലെ കേരള സിവിൽ കോർട്സ് (അമെന്റ്മെന്റ്) ബിൽ, 1996-ലെ കേരള ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ, 2000-ത്തിലേയും 2013-ലേയും കേരള ധനകാര്യ ബില്ലുകൾ, 2020-ലെ കേരള ധനകാര്യ ബില്ലുകൾ (രണ്ടെണ്ണം) എന്നിവ ബന്ധപ്പെട്ട ചട്ടങ്ങളിൽ സഭ തന്നെ ഇളവുവരുത്തിക്കൊണ്ട് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന കൂടാതെ പാസ്സാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭ പരിഗണിക്കുന്നതിനെതിരെ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

2020-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ എപ്പിഡെമിക് ആക്ട് നിലനിൽക്കേ അതേ വിഷയത്തിൽ ഒരു സംസ്ഥാന നിയമം നിലനിൽക്കുന്നതല്ലെന്നാണ് ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ച

ക്രമപ്രശ്നത്തിന്റെ കാതൽ. ഇക്കാര്യത്തിൽ ബില്ലിന്റെ ചുമതലയുള്ള ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം സംബന്ധിച്ച നിയമവശം ഇവിടെ വിശദീകരിക്കുകയുണ്ടായി. പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടേയും നിയമ നിർമ്മാണാധികാരം സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ ചെയർ ഇക്കാര്യവും പരിശോധിക്കുകയുണ്ടായി.

പാർലമെന്റ് ഉണ്ടാക്കുന്ന നിയമങ്ങളും സംസ്ഥാന നിയമസഭകൾ നിർമ്മിക്കുന്ന നിയമങ്ങളും തമ്മിലുള്ള പൊരുത്തക്കേടുകളെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഭരണഘടനയിലെ 254-ാം അനുച്ഛേദത്തിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

“ If any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament is competent to enact, or to any provision of an existing law with respect to one of the matters enumerated in the Concurrent List, then, subject to the provisions of clause (2), the law made by

Parliament, whether passed before or after the law made by the Legislature of such State, or as the case may be, the existing law, shall prevail and the law made by the Legislature of the State shall, to the extent of the repugnancy, be void.”

കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തിലുള്ള നിയമനിർമ്മാണം ആയാൽപ്പോലും അതിന് കേന്ദ്ര നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയോട് വൈരുദ്ധ്യമുണ്ടെങ്കിൽ സംസ്ഥാന നിയമത്തിലെ അപ്രകാരം വൈരുദ്ധ്യമുള്ള ഒരു വ്യവസ്ഥ മാത്രമേ അസാധുവാകുന്നുള്ളൂവെന്നാണ് ഭരണഘടനാ വിവക്ഷ.

ഭരണഘടനയിലെ 7-ാം പട്ടികയിലുള്ള കൺകറന്റ് ലിസ്റ്റിൽപ്പെട്ടതല്ലെന്നും സംസ്ഥാന ലിസ്റ്റിലെ "പൊതുജനാരോഗ്യവും ശുചീകരണവും ആശുപത്രികളും വൈദ്യശാലകളും" എന്ന ആറാമത്തെ എൻട്രിയിലൂടെ സംസ്ഥാനത്തിന് ലഭിക്കുന്ന സമ്പൂർണ്ണ നിയമ നിർമ്മാണാധികാരം വിനിയോഗിച്ചുകൊണ്ടാണ് നിയമനിർമ്മാണത്തിനായി ഈ ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നതെന്നും ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയും

ചെയ്തിട്ടുണ്ട്.

ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകൾക്ക് കേന്ദ്രനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകളോട് വൈരുദ്ധ്യം അഥവാ inconsistency, ഉണ്ടെങ്കിൽപ്പോലും സംസ്ഥാന ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന വിഷയത്തിന്മേൽ ഒരു നിയമനിർമ്മാണം നടത്തുവാനുള്ള സംസ്ഥാന നിയമസഭയുടെ പരമാധികാരത്തെ, ലെജിസ്ലേറ്റീവ് കോമ്പിറ്റൻസി-യെ അത് ഒരുവിധത്തിലും പരിമിതപ്പെടുത്തുന്നില്ല എന്നതാണ് നിയമവ്യവസ്ഥ. അതുകൊണ്ടുതന്നെ ഡോ. മാത്യു കുഴൽനാടൻ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നവും നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.